**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1024** **18-09-2025 - ൽ മറുപടിയ്ക്ക്**

**കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ അനുവദിച്ച പദ്ധതികളും വർഷവും അവയുടെ തുകയും സംബന്ധിച്ച വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ഇനം തിരിച്ച് അറിയിക്കുമോ? | (എ) | കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാനായി കിഫ്ബി ധനസഹായത്തോടെ 105 കോടി രൂപയുടെ ഒരു പദ്ധതി 23.05.2017- ലെ സ.ഉ(സാധാ) നമ്പർ 196/2017/വനം വന്യജീവി എന്ന ഉത്തരവ് പ്രകാരം അനുവദിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമായി 02.02.2019- ലെ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 71.92 കോടി രൂപ അനുവദിച്ചു.<br><br>50 ആനകളെ പാർപ്പിക്കുവാനുള്ള സൗകര്യം, വെറ്ററിനറി ഹോസ്പിറ്റൽ, ജലവിതരണ സംവിധാനം, സബ് സ്റ്റേഷൻ ഉൾപ്പെടെ വൈദ്യുതി വിതരണവും, ഖര-ദ്രവ മാലിന്യസംസ്കരണം, ഓഫീസ് സമുച്ചയം, ക്വാർട്ടേഴ്സുകൾ, റിസപ്ഷൻ കേന്ദ്രം, പാർക്കിംഗ് സൗകര്യം, കുട്ടിയാനകളുടെ പരിചരണ കേന്ദ്രം, കഫറ്റീരിയ, ആനപ്പാപ്പാന്മാർക്കുള്ള താമസസൗകര്യം, പാർക്കിനകത്തെ റോഡുകളുടെ നവീകരണം, ആനമ്യൂസിയം, ആനയൂട്ട് കേന്ദ്രം, ആനയ്ക്കുള്ള ഭക്ഷണശാല എന്നിവ ഉൾപ്പെടയുള്ള സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരുന്നത്. 2020-ൽ പദ്ധതി തുക 79.06 കോടി രൂപയായും, 2024-ൽ പദ്ധതി തുക 82.38 കോടി രൂപയായും കിഫ്ബി വർദ്ധിപ്പിച്ചു. മേൽ എല്ലാ സൗകര്യങ്ങളും പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ 11.10.2024-ൽ പദ്ധതി കമ്മീഷൻ ചെയ്തു.<br><br>ഈ കാലഘട്ടത്തിൽ ആനപുനരധിവാസ കേന്ദ്രത്തിന്റെ നടത്തിപ്പിനായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുവദിച്ച തുകയുടെയും, ചെലവാക്കിയ തുകയുടെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ആനകളുടെ ഭക്ഷണം, |

| | | | |
|---|---|---|---|
| | | | ചികിത്സ എന്നിവയ്ക്കാണ് പദ്ധതി വിഹിതം പ്രധാനമായും ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | വർഷം | പദ്ധതി അടങ്കൽ (ലക്ഷത്തിൽ) | ട്രഷറിയിൽ നിന്നും ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 2021-22 | 100 | 74.976 | 74.976 |
| 2 | 2022-23 | 100 | 62.00 | 61.9119 |
| 3 | 2023-24 | 100 | 65.00 | 62.49 |
| 4 | 2024-25 | 200 | 78.100 | 66.37 (ആഗസ്റ്റ് മാസം വരെ) |